# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3444 09.042013 ൽ മറുപടിക്ക്

### മാവേലിസ്റ്റോറുകളിൽ ജീവനക്കാരെ കുറച്ച നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എളമരംകരീം: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) | |
| (എ) | സപ്ലൈകോ, മാവേലി സ്റ്റോറുകളിൽ ഒരു ഷോപ്പ് മാനേജരും ഒരു ഹെൽപ്പറും ഉണ്ടായിരുന്ന സ്ഥാനത്ത് നിലവിൽ ഒരു ജീവനക്കാരൻ മാത്രമാക്കി കുറച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (എ) | ഇല്ല. എന്നാൽ സപ്ലൈകോയിലെ ജീവനക്കാരുടെ അപര്യാപ്തതമൂലം തിരുവനന്തപുരം ഒഴികെയുള്ള മറ്റ് മേഖലകളിലെ പല ഔട്ട്ലറ്റുകളിലും ഒരു സ്ഥിര ജീവനക്കാരനെപ്പോലും ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥയാണ്. ഔട്ട്ലറ്റ് അടച്ചുപൂട്ടുന്നത് ഒഴിവാക്കാനായി ഒരു ജീവനക്കാരനു തന്നെ രണ്ടും മൂന്നും ഔട്ട്ലറ്റുകളുടെ അധികചുമതല വഹിക്കേണ്ട സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. |
| (ബി) | സബ്സിഡി കുറച്ചതു കാരണം വിപണനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6.7.2012 ലെ G.O.(MS) 17/12/F&CSD പ്രകാരം സബ്സിഡി നൽകുന്ന ഇനങ്ങളിൽ മാറ്റം വരുത്തുകയുണ്ടായി. മാവേലി സ്റ്റോറുകളിൽ വിൽപ്പന കുറവായ ഇനങ്ങളായ കടുക്, ഉലുവ,ജീരകം എന്നിവയെ സബ്സിഡി നിരക്കിൽ നിന്ന് ഒഴിവാക്കുകയും പകരം ജനങ്ങൾക്ക് കൂടുതൽ ആവശ്യമുള്ള വിൽപ്പന കൂടുതലായ ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന 13 ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. മേൽപ്പറഞ്ഞ മാറ്റങ്ങൾ വരുത്തിയതിനുശേഷം സബ്സിഡി ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു. |
| (സി) | സാധനങ്ങളുടെ അഭാവമാണോ അതോ ആവശ്യക്കാർ ഇല്ലാത്തതാണോ പ്രസ്തുത അവസ്ഥക്ക് കാരണമെന്ന് വ്യക്തമാക്കുമോ? | | |

| ക്രമ നം | മാസം | സബ്സിഡി വിൽപ്പന (ലക്ഷത്തിൽ) | മാസം | സബ്സിഡി വിൽപ്പന (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ആഗസ്റ്റ് -11 | 3257.21 | ആഗസ്റ്റ് -12 | 6222.97 |
| 2 | സെപ്റ്റംബർ -11 | 2734.90 | സെപ്റ്റംബർ -12 | 3745.87 |
| 3 | ഒക്ടോബർ -11 | 2621.41 | ഒക്ടോബർ -12 | 3627.31 |
| 4 | നവംബർ -11 | 2650.18 | നവംബർ -12 | 2993.34 |
| 5 | ഡിസംബർ -11 | 2712.23 | ഡിസംബർ -12 | 5772.32 |
| 6 | ജനുവരി -12 | 2508.63 | ജനുവരി -13 | 5462.41 |
| 7 | ഫെബ്രുവരി -12 | 2373.65 | ഫെബ്രുവരി -13 | 5042.75 |

സെക്ഷൻ ഓഫീസർ